ഖുത്ബ നമ്പർ
**10**
**08-03-2013**

بسم الله الرحمن الرحيم ○ نحمده ونصلي علىٰ رسوله الكريم ○ وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്, കാക്കനാട്**

# ദു:ആയുടെ സംക്ഷിപ്ത തത്ത്വദർശനം

وَمِنْهُمْ مَّنْ يَّقُوْلُ رَبَّنَآ اٰتِنَا فِي الدُّنْيَا حَسَنَةً وَّ فِي الْاٰخِرَةِ
حَسَنَةً وَّ قِنَا عَذَابَ النَّارِ ﴿٢٠٢﴾

لَا يُكَلِّفُ اللّٰهُ نَفْسًا اِلَّا وُسْعَهَا ۭ لَهَا مَا كَسَبَتْ وَعَلَيْهَا
مَا اكْتَسَبَتْ ۭ رَبَّنَا لَا تُؤَاخِذْنَآ اِنْ نَّسِيْنَآ اَوْ اَخْطَاْنَا ۚ رَبَّنَا وَلَا
تَحْمِلْ عَلَيْنَآ اِصْرًا كَمَا حَمَلْتَهٗ عَلَى الَّذِيْنَ مِنْ قَبْلِنَا ۚ
رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهٖ ۚ وَاعْفُ عَنَّا ۪ وَاغْفِرْ لَنَا ۪
وَارْحَمْنَا ۪ اَنْتَ مَوْلٰىنَا فَانْصُرْنَا عَلَى الْقَوْمِ الْكٰفِرِيْنَ ﴿٢٨٧﴾

ഞാൻ പാരായണം ചെയ്ത ആദ്യ സൂക്തത്തിന്റെ അർത്ഥം ഇപ്രകാരമാകുന്നു. ഞങ്ങളുടെ നാഥാ! ഐഹിക ജീവിതത്തിൽ ഞങ്ങൾക്ക് നീ നന്മ നൽകേണമേ, പരലോകത്തും നീ ഞങ്ങൾക്ക് നന്മ നൽകേണമേ, നരകശിക്ഷയിൽ നിന്നും നീ ഞങ്ങളെ കാത്തു രക്ഷിക്കേണമേ, എന്ന് പ്രാർത്ഥിക്കുന്ന ചിലരും അവരിലുണ്ട്.(2: 202) രണ്ടാമത്തെ സൂക്തത്തിന്റെ അർത്ഥം, അല്ലാഹു ഒരാൾക്കും അവന്റെ കഴിവിൽ പെട്ടതല്ലാതെ ഉത്തരവാദിത്വമേൽപ്പിക്കുന്നില്ല. അവൻ പ്രവർത്തിച്ച കർമ്മത്തിന്റെ ഫലം അവന് ലഭിക്കുന്നതാണ്. അവൻ പ്രവർത്തിച്ച ദുഷ്കർമ്മത്തിന്റെ ശിക്ഷയും അവന് അനുഭവിക്കേണ്ടി വരുന്നതാണ്. ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് മറന്നു പോകുകയോ, തെറ്റു ചെയ്യുക ചെയ്തിട്ടുണ്ടെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ, ഞങ്ങൾക്കു മുമ്പുണ്ടായിരുന്നവരുടെ മേൽ ചുമത്തിയ ഭാരം ഞങ്ങളുടെ മേൽ ചുമത്തരുതേ, ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് വഹിക്കാൻ കഴിവില്ലാത്ത ഭാരം ഞങ്ങളുടെ മേൽ ചുമത്തരുതേ, ഞങ്ങൾക്ക് മാപ്പു നൽകേണമേ, ഞങ്ങൾക്ക് പൊറുത്തു തരേണമേ, ഞങ്ങളോട് കരുണ കാണിക്കേണമേ, നീയാണ് ഞങ്ങളുടെ രക്ഷാധികാരി, അതിനാൽ സത്യനിഷേധികളായ ജനങ്ങൾക്കെതിരിൽ ഞങ്ങളെ സഹായിക്കേണമേ (2:287)

ഖുർആനിലുള്ള രണ്ട് ദു:ആകളിതാണ്. ഇതിനെ സംബന്ധിച്ച് ഞാൻ ചിലത് പറയുന്നതാണ്. എന്നാൽ അതിനു മുമ്പായി ദു:ആയുടെ യാഥാർത്ഥ്യത്തേയും അതിന്റെ യുക്തിയെയും കുറിച്ചുള്ള ഹദ്റത് മസീഹ് മൗഊദ് (അ)ന്റെ ഒരു ഉദ്ധരിണി വായിക്കാം. അദ്ദേഹം പറയുന്നു, പ്രയാസത്തിന്റെയും വിഷമത്തിന്റെയും സമയത്ത് അല്ലാഹുവിനോട് ദു:ആ ചെയ്യുകയും അവനിൽ നിന്ന് പ്രശ്നപരിഹാരം ആഗ്രഹിക്കുകയും ചെയ്യുന്ന വ്യക്തിക്ക്, ദു:ആയെ പൂർണ്ണതയിലെത്തിക്കുകയാണെങ്കിൽ അല്ലാഹുവിൽ നിന്ന് സമാധാനവും യഥാർത്ഥ സന്തോഷവും കരസ്ഥമാകുന്നു. ഇനി അഥവാ അയാൾക്ക് ലക്ഷ്യം കരസ്ഥമായില്ലെങ്കിൽ തന്നെയും മറ്റേതെങ്കിലും തരത്തിലുള്ള സമാധാനവും സംതൃപ്തിയും അല്ലാഹുവിൽ നിന്ന് അയാൾക്ക് ലഭിക്കുന്നു. ഒരിക്കലും ഒരിക്കലും തന്നെ പരാജിതനാകുന്നതല്ല. വിജയം കൂടാതെ അയാളുടെ വിശ്വാസശക്തി സുദൃഢമാകുകയും ചെയ്യുന്നു. ദൃഢവിശ്വാസം വർദ്ധിക്കുന്നു. എന്നാൽ ദു:ആ ചെയ്തു കൊണ്ട് അല്ലാഹുവിലേക്ക് തിരിയാത്തയാൾ എപ്പോഴും അന്ധനായിതന്നെയിരിക്കും. അന്ധനായി മരിക്കുകയും ചെയ്യും. നമ്മുടെ ഈ പ്രഭാഷണത്തിൽ വിഢികളായ ആക്ഷേപങ്ങൾക്കുള്ള മറുപടിയും ഉണ്ട്. അവർ തങ്ങളുടെ ദുഷ്ചിന്തയും പ്രത്യക്ഷത്തിൽ മാത്രം നോക്കുന്ന കാരണത്താലുമാണ് ഈ ആക്ഷേപം ഉന്നയിക്കുന്നത്. അതായത്, തങ്ങളുടെ അവസ്ഥയാലും സംഭാഷണത്താലും ദു:ആയിൽ മുഴുകിയിരിക്കുന്ന ധാരാളം പേരെ തങ്ങളുടെ ഉദ്ദേശ്യത്തിൽ പരാജിതരായി കണ്ടിട്ടുണ്ട്. അവർ പരാജിതരായി മരിക്കുന്നു. അതായത് അവർ ആഗ്രഹിച്ച ലക്ഷ്യം അവർക്ക് കരസ്ഥമാകുന്നില്ല. അതിനു വിപരീതമായി ദുആയിലും അല്ലാഹുവിലും വിശ്വാസമില്ലാത്ത ഒരു വ്യക്തിക്ക് ആ ലക്ഷ്യം കരസ്ഥമാകുന്നു. അതായത് അയാൾക്ക് എല്ലാം ലഭിക്കുന്നു. വലിയ വലിയ വിജയങ്ങൾ അയാൾക്ക് ലഭിക്കുന്നു. അതിനാൽ ഞാനിപ്പോൾ വിവരിച്ചതുപോലെ ദു:ആ കൊണ്ടുള്ള ഈ യഥാർത്ഥ ഉദ്ദേശ്യം സംതൃപ്തിയും സമാധാനവും യഥാർത്ഥ ക്ഷേമവും കരസ്ഥമാക്കുക എന്നതാണ്. പ്രത്യക്ഷവാദി കാണുന്നത്, ഒരു വ്യക്തി ഏതുദ്ദേശ്യത്തിനു വേണ്ടിയാണോ ദു:ആ ചെയ്യുന്നത് അത് കരസ്ഥമാകുന്നില്ല. എന്നാൽ ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു, യഥാർത്ഥത്തിൽ ദു:ആ ചെയ്യുന്ന വ്യക്തിയെ സംബന്ധിച്ചിടത്തോളം ഒന്നാമത്തെ നിബന്ധന ദു:ആയെ പൂർണ്ണതയിലെത്തിക്കുക. എന്നതാണ്. യഥാർത്ഥത്തിൽ ദു:ആ ചെയ്യുന്ന ആൾ പ്രത്യക്ഷ വസ്തുക്കളെ ശ്രദ്ധിക്കാറില്ല. വിശ്വാസിയുടെ ഉൾക്കാഴ്ച്ചയുള്ള, അല്ലാഹുവുമായുള്ള ബന്ധത്തെ കുറിച്ച് അറിവുള്ള ഒരു വിശ്വാസി താനാവശ്യപ്പെട്ടത് ലഭിച്ചോ എന്നല്ല നോക്കുന്നത്. മറിച്ച്, പറയുന്നു. സംതൃപ്തിയും

യഥാർത്ഥ ക്ഷേമവും കരസ്ഥമാക്കുന്നു. പറയുന്നു, നമ്മുടെ യഥാർത്ഥ ക്ഷേമം ദു:ആയിലൂടെ നാം ആഗ്രഹിക്കുന്ന കാര്യത്തിലൂടെ മാത്രമേ കരഗതമാകൂ എന്നത് ശരിയല്ല മറിച്ച്, യഥാർത്ഥ ക്ഷേമം എന്തിലാണെന്നത് അല്ലാഹു അറിയുന്നു. പരിപൂർണ്ണ ദു:ആക്ക് ശേഷം അത് നമ്മുക്ക് തന്നരുളുന്നു, അഥവാ ദുആ പരിപൂർണ്ണവും, ശരിയായതും, യഥാർത്ഥ നിലയിലുള്ളതും, അല്ലാഹുവിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ളതുമാണെങ്കിൽ യഥാർത്ഥ ക്ഷേമം എന്തിലാണെന്നറിയുന്ന അല്ലാഹു അത് നൽകുന്നു. പറയുന്നു, സത്യാത്മാവോടുകൂടി ദു:ആ ചെയ്യുന്ന വ്യക്തി യഥാർത്ഥത്തിൽ പരാജിതനാകുക അസാധ്യമാകുന്നു. മറിച്ച് സമ്പത്തിലൂടെയും, അധികാരത്തിലൂടെയും, ആരോഗ്യത്തിലൂടെയും മാത്രം ലഭിക്കാത്ത ക്ഷേമം അല്ലാഹുവിന്റെ പക്കലാണുള്ളത്. ഏത് നിലയിലാണോ അവൻ ആഗ്രഹിക്കുന്നത് നൽകുന്നതാണ്. എന്നാൽ പരിപൂർണ്ണ ദു:ആ മുഖേനയാണ് അത് നൽകപ്പെടുന്നത്. അല്ലാഹു ആഗ്രഹിക്കുകയാണെങ്കിൽ ഒരു ആത്മാർത്ഥ സത്യസന്ധന് വിപത്തിൽ അകപ്പെടുന്ന സമയത്ത് ഒരു ചക്രവർത്തിക്ക് രാജ സിംഹാസനത്തിൽ ലഭിക്കാത്ത ആനന്ദം നൽകാൻ സാധിക്കുന്നു. അതിനാൽ അതിന്റെ നാമം യഥാർത്ഥ ലക്ഷ്യപ്രാപ്തി എന്നാകുന്നു. അത് അവസാനം ദു:ആ ചെയ്യുന്നവർക്ക് ലഭിക്കുന്നു. ദു:ആ ചെയ്യുന്നവർക്ക് ലഭിക്കുന്ന ആനന്ദം ഒരു രാജാവിന് ലഭിക്കുന്നതല്ല.

ചുരുക്കത്തിൽ ഇതാണ് ദു:ആ യുടെ യാഥാർത്ഥ്യം, ദു:ആ യുടെ സംക്ഷിപ്ത തത്ത്വദർശനം. ഇതാണ് ദു:ആയുടെ ആത്മാവ്. ഒരു യഥാർത്ഥ വിശ്വാസിയുടെ ചിന്ത ഇപ്രകാരമായിരിക്കണം. നാമെപ്പോഴും ഇത് നമ്മുടെ മുന്നിൽ വെക്കേണ്ടതാണ്. ചുരുക്കത്തിൽ മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ ദു:ആ സ്വീകരിക്കപ്പെടുന്നതിനായി അതിനെ പരിപൂർണ്ണതയിലേക്കണ്ടതാണ്. ആ അവസ്ഥയിൽ എത്തുമ്പോൾ ഒന്നുകിൽ മനുഷ്യൻ അല്ലാഹുവിനോട് അർത്ഥിക്കുന്ന ദു:ആ സ്വീകരിക്കപ്പെടുന്നു, അത് സ്വീകരിക്കപ്പെട്ടതിന്റെ അടയാളം പ്രത്യക്ഷപ്പെടാൻ തുടങ്ങുന്നു. അല്ലെങ്കിൽ എന്ത് ദു:ഖം കാരണത്താലാണോ മനുഷ്യൻ ദു:ആ ചെയ്തത് ആ ദു:ഖം, വിഷമം ദൂരികരിക്കപ്പെടുന്ന തരത്തിലുള്ള സംതൃപ്തിയും സമാധാനവും കൈവരുന്നു. അല്ലാഹുവിന്റെ ദൃഷ്ടിയിൽ എന്താണോ എനിക്കുത്തമമായിട്ടുള്ളത് അത് എനിക്കായി വെളിപ്പെടുന്നതാണെന്ന ഒരു സവിശേഷമനസ്സമാധാനം കരസ്ഥമാകുന്നു. ഇതാണ് ഒരു യഥാർത്ഥ വിശ്വാസിയുടെ ചിന്ത. അല്ലാഹു നമുക്കെല്ലാവർക്കും ഈ സ്ഥാനം കരസ്ഥമാകുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഈ തൗഫീഖും അല്ലാഹുവിന്റെ അനുഗ്രഹത്താലാണ് ലഭിക്കുക. അതു കൊണ്ട് അത് ലഭ്യമാകുന്നതിന് വേണ്ടിയും ദു:ആ ചെയ്യേണ്ടതുണ്ട്.

ഇപ്പോൾ ഞാൻ ഖുർആനിലെ രണ്ട് ദു:ആകളിലേക്ക് ശ്രദ്ധക്ഷണിക്കാൻ ആഗ്രഹിക്കുന്നു. ഈ ദു:ആകൾ നാം ചൊല്ലാറുണ്ട് അധികം പേർക്കും അറിവുള്ളതുമാണ്. അതിലെ ഒരു ദു:ആ

وَمِنْهُمْ مَّنْ يَّقُوْلُ رَبَّنَآ اٰتِنَا فِي الدُّنْيَا حَسَنَةً وَّ فِي الْاٰخِرَةِ حَسَنَةً وَّ قِنَا عَذَابَ النَّارِ ۝

(2: 202)

എന്നതാണ്. അതായത് ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് ഇഹലോകത്തും പരലോകത്തും നന്മ പ്രദാനം ചെയ്യേണമേ, ഈ ദു:ആ നബി തിരുമേനി (സ) പ്രത്യേകിച്ച് ഉരുവിട്ട് കൊണ്ടിരിക്കുകയായിരുന്നു. സഹാബാക്കളെ ഇതിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുകയും സഹാബാക്കൾ വളരെ ശ്രദ്ധയോടുകൂടി ഇത് ഉരുവിടാറുമുണ്ടായിരുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) ഒരു പ്രത്യേക അവസ്ഥയിൽ നമസ്കാരത്തിലെ അവസാന റകഅത്തിൽ റുകൂഇന് ശേഷം നിവർന്ന് നിൽക്കുമ്പോൾ ഈ ദു:ആ ചൊല്ലുന്നതിനായി ജമാഅത്തംഗങ്ങളോട് പറഞ്ഞിരുന്നു, ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) വും ഈ ദു:ആയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. വിവിധ ഖുത്വുബകളിലും ജമാഅത്തംഗങ്ങളോട് ഇത് ചൊല്ലുന്നതിനായി നിർദ്ദേശിക്കുകയുണ്ടായി. ഇതിന്റെ വിശദീകരണവും നൽകിയിട്ടുണ്ട്.

ചുരുക്കത്തിൽ ഈ ദു:ആക്ക് വളരെ പ്രാധാന്യമുണ്ട്. ഇത് എല്ലാ സമയത്തേക്കും കാലത്തേക്കും വേണ്ടിയുള്ള ദു:ആയാണെങ്കിലും ഇന്ന് പ്രത്യേകിച്ച് ലോകത്ത് നാനാഭാഗത്തും കുഴപ്പങ്ങളും കലഹങ്ങളും ഉടലെടുത്തിരിക്കുമ്പോൾ ഈ ദു:ആ പ്രത്യേകമായി നാം ചൊല്ലേണ്ടതാണ്. **ഹസനത്തൻ** എന്നതിന്റെ അർത്ഥം നന്മ, നല്ലത്, പ്രയോജനം, നഷ്ടമല്ലാത്തത്, എല്ലാ ഭാഗത്തുനിന്നും സൽഫലം ലഭിക്കുന്നതും അല്ലാഹുവിന്റെ തൃപ്തിക്കനുഗുണമായതും എന്നൊക്കെയാണ്. ചില രാഷ്ട്രങ്ങളിൽ രൂപപ്പെട്ടിട്ടുള്ള അവസ്ഥയിൽ അഹ്മദി എന്ന നിലയിൽ ധാരാളമായി ഈ ദു:ആ ചൊല്ലേണ്ടതുണ്ട്. അഹ്മദിയ്യത്തിന്റെ വിരോധി ആഗ്രഹിക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ നിന്നും അഹ്മദികളെ അകറ്റി നിർത്തണമെന്നാണ്. ജീവിക്കാനുള്ള അവകാശത്തെ ധ്വംസിക്കാൻ ശ്രമിക്കുന്നു. അത്തരുണത്തിൽ ഈ ദു:ആ, അതായത് അല്ലാഹുവേ! ഭൗതികതയുടെ എല്ലാ കുതന്ത്രങ്ങൾക്കും പകരമായി, ഞങ്ങളിൽ നിന്നും അകറ്റി നിർത്താൻ അവർ ശ്രമിക്കുന്ന നിന്റെ എല്ലാ അനുഗ്രഹങ്ങളെയും, നിന്റെ, കാരുണ്യത്താൽ കരസ്ഥമാക്കുന്നവരായി ഞങ്ങളെ മാറ്റണെ, ഞങ്ങളുടെ ഭൗതിക കർമങ്ങളും നിന്റെ തൃപ്തി കരസ്ഥമാക്കിയ കാരണത്താൽ പരലോകത്തെ അനുഗ്രഹങ്ങളും ഞങ്ങൾക്ക് തന്നരുളേണമേ. ഈ ലോകത്ത് ഞങ്ങൾ ചെയ്യുന്ന എല്ലാ കർമ്മങ്ങളും നിന്റെ തൃപ്തി കരസ്ഥമാക്കുന്നതാകട്ടെ. ശത്രുക്കൾ ഞങ്ങളുടെ വ്യാപാരങ്ങളിൽ നഷ്ടം വരുത്താൻ ആഗ്രഹിക്കുന്നു. അതിനാൽ ശത്രുക്കളുടെ എല്ലാ തന്ത്രങ്ങളും പരാജയപ്പെടുന്ന തരത്തിൽ നീ ഞങ്ങൾക്ക് അനുഗ്രഹങ്ങൾ നൽകേണമേ, അവർ ഞങ്ങളെ വിശ്വാസത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നതിനായി ഞങ്ങളുടെ ജീവിത വിഭവങ്ങളിൽ നഷ്ടമുണ്ടാക്കാൻ ആഗ്രഹിക്കുന്നു. അതിനാൽ മുമ്പത്തേക്കാളുപരി അനുവദനീയവും പവിത്രവുമായ ജീവിത വിഭവങ്ങൾ ലഭിക്കുന്ന തരത്തിലുള്ള നന്മകൾ നീ ഞങ്ങൾക്ക് നൽകേണമേ. ഞങ്ങളുടെ അയൽക്കാർ ഞങ്ങളെ വിഷമിപ്പിക്കുന്നവരാകരുത്. ഞങ്ങളുടെ സമീപവാസികൾ ഞങ്ങളെ വിഷമിപ്പിക്കുന്നവരാകരുത്. ഞങ്ങളുടെ പട്ടണത്തെ ഞങ്ങൾക്ക് അനുഗ്രഹീതമാക്കിത്തീർക്കുക. ഞങ്ങളുടെ രാഷ്ട്രത്തെ ഞങ്ങൾക്ക് അനുഗ്രഹീതമാക്കി ത്തീർക്കുക. ഞങ്ങൾക്കെതിരിൽ നടപടിയെടുക്കുന്നവരുടെ തിന്മ

കൾ അവരിലേക്ക് മടങ്ങട്ടെ. ഞങ്ങളുടെ ഭരണാധികാരിയെ കാരുണ്യഹൃദയരാക്കണെ. ഭയഭക്തിയുള്ളവരാക്കണെ. നീതി ചെയ്യുന്നവരാക്കണെ.

ഇന്ന് പല മുസ്‌ലിം രാഷ്ട്രങ്ങളിലും ഭരണാധികാരികൾ തന്നെ പൊതു ജനങ്ങൾക്ക് വിപത്തായി മാറിയിരിക്കുന്നത് കാണാവുന്നതാണ്. അധികാര പരിധിയിലുള്ളവരുടെ അവകാശത്തെ പൂർത്തിയാക്കുന്ന അധികാരിയായിരിക്കണെ. അഥവാ ഇപ്പോഴുള്ള അധികാരി നിന്റെ ദൃഷ്ടിയിൽ പരിഷ്കരണയോഗ്യനല്ലെങ്കിൽ അവരിലൂടെ ഞങ്ങൾക്ക് ലഭിക്കുന്ന ഭൗതിക അനുഗ്രഹങ്ങൾ കരസ്ഥമാകുന്നതിനായി ഒരു നന്മയുള്ള അധികാരിയെ നീ നൽകണെ. സുഹൃത്തുക്കൾ നന്മയാഗ്രഹിക്കുന്നവരാകട്ടെ. നന്മക്ക് പകരമായി നന്മ ചെയ്യുന്നവരാകട്ടെ.

ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) ഇതിനെ സംബന്ധിച്ച് വളരെ വിശദമായി പരാമർശിച്ചിട്ടുണ്ട്. പാക്കിസ്ഥാനിൽ ഒരു വിഭാഗം മൗലവിമാരെ പിന്തുടർന്ന് കൊണ്ട് അഹ്മദികൾക്ക് നഷ്ടം വരുത്തി വെക്കാൻ ശ്രമിക്കുന്നവരായിട്ടുണ്ടെങ്കിലും ഒരു വിഭാഗം സൗഹൃദത്തിന്റെ കടമ പൂർത്തിയാക്കുന്നവരാണ്. എല്ലാ പാക്കിസ്ഥാനികളേയും മോശക്കാർ എന്ന് പറയാൻ കഴിയില്ല. അല്ലെങ്കിൽ അഹ്മദികളെ എതിർക്കുന്ന രാഷ്ട്രങ്ങളിലെ എല്ലാവരും മോശക്കാരാണെന്ന് പറയാൻ കഴിയില്ല. സുഹൃത് ബന്ധത്തെ വിലമതിക്കുന്നവരുമുണ്ട്, സഹതാപമുള്ളവരുണ്ട്, നന്മ ആഗ്രഹിക്കുന്നവരുണ്ട്, വിഷമഘട്ടത്തിലും വിപത്തിലും പ്രയോജനപ്പെടുന്നവരുണ്ട്. കഴിഞ്ഞ ദിവസം തട്ടിക്കൊണ്ടുപോകപ്പെട്ട അഹ്മദി ഒരു കത്തിൽ എനിക്ക് എഴുതുകയുണ്ടായി, തട്ടിക്കൊണ്ടു പോയവർ അദ്ദേഹത്തോട് വലിയ തുകയാണ് ആവശ്യപ്പെട്ടത്. അത് പെട്ടെന്ന് സംഘടിപ്പിക്കുക അസാധ്യമായിരുന്നു. അദ്ദേഹത്തിന്റെ സഹോദരൻ ശ്രമിച്ചു കൊണ്ടിരുന്നു. എന്നാൽ തട്ടികൊണ്ടു പോയവർ ആവശ്യപ്പെട്ടയത്ര തുക സംഘടിപ്പിക്കാൻ സാധിച്ചില്ല. ഇവർ നിയമത്തിനടുത്തേക്ക് എത്തില്ല എന്ന ധൈര്യവും അവർക്കുണ്ടായിരുന്നു. അവർ പറഞ്ഞു, നിങ്ങൾ ഇത്ര രൂപ ഞങ്ങൾക്കെത്തിക്കുക. ബാക്കി തുകയ്ക്കുള്ള ജാമ്യം നൽകുക. ജാമ്യം ഏതെങ്കിലും അഹ്മദിയുടേതാകരുത്. അപ്പോൾ അദ്ദേഹത്തിന്റെ ഒരു അനഹ്മദി സുഹൃത്ത് അദ്ദേഹത്തിന് ജാമ്യം നിന്നു. അക്കാരണത്താൽ അദ്ദേഹത്തിന്റെ മോചനം സാധ്യമായി. ആ അനഹ്മദി സുഹൃത്ത് തന്റെ ജീവനാണ് പണയം വെച്ചത്. അവർ ഇദ്ദേഹം മുഖേനയായിരുന്നു ആ തുക ഈടാക്കുക.

ചുരുക്കത്തിൽ അഹ്മദികൾക്കായി ത്യാഗം ചെയ്യുന്ന ഇത്തരക്കാരുമുണ്ട്. ഇക്കാലത്ത് അവിടെ രൂപപ്പെട്ടിട്ടുള്ള ചുറ്റുപാടിൽ കഴിയുന്നവരായിരുന്നിട്ടും നന്മ ചെയ്യുന്നവരാണവർ. സൗഹൃദത്തിന്റെ കടമ നിറവേറ്റുന്നവരാണ്. ഭീകരവാദികൾക്കും മുല്ലമാർക്കും എതിരാണ്. നല്ല സുഹൃത്ത് ലഭിക്കുക എന്നത് ഇഹലോകത്തെ അനുഗ്രഹങ്ങളിൽ ഒന്നാണ്. അതുപോലെ മിശനിൽ നിന്നുവരുന്ന റിപ്പോർട്ട് ഞാൻ നോക്കുകയായിരുന്നു. മാലിയിൽ നമ്മുടെ റേഡിയോ സ്റ്റേഷൻ സ്ഥാപിതമായ കാരണത്താൽ വിപുലമായ നിലയിൽ തബ്‌ലീഗ് നടക്കുന്നുണ്ട്. അത് കേട്ടപ്പോൾ അറബ് മുസ്‌ലിം രാഷ്ട്രങ്ങളിൽ നിന്ന് അഹ്മദികളുടെ പ്രചരണത്തെ തടയുന്നതിനും അവർക്ക് കഴിയുന്നത്ര നാശനഷ്ടങ്ങൾ വരുത്തിത്തീർക്കുന്നതിനുമായി സഹായം കരസ്ഥമാക്കുന്ന ചില വിരോധി മൗലവിമാർ നമ്മുടെ മുബല്ലിഗ്മാരെ ഭീഷണിപ്പെടുത്തി. ഭീഷണിപ്പെടുത്തികൊണ്ടിരിക്കാറുണ്ട്. ഞങ്ങൾ അതു ചെയ്യും ഇത് ചെയ്യുമെന്നെല്ലാം പറഞ്ഞ് ഫോൺ ചെയ്യാറുമുണ്ട്. ഇവരുടെ കാര്യങ്ങളൊന്നും കേൾക്കരുതെന്ന് പറഞ്ഞ് നമുക്കെതിരെ പ്രചാരണം നടത്തുന്ന ചിലർ അതിനെ പാരമ്യതയിലേക്കെത്തിക്കുന്നു. അങ്ങിനെ അവിടെ ഇത്തരത്തിലുള്ള ഒരു സങ്കീർണ്ണമായ അവസ്ഥ സംജാതമായി. ശത്രുക്കൾ എതിർപ്പിൽ അങ്ങേയറ്റം എത്തിക്കഴിഞ്ഞു.

ഇതിനെ സംബന്ധിച്ച് അവിടെയുള്ള ചില നല്ല സന്മനസ്സുള്ള പ്രതാപവും സ്വാധീനവുമുള്ള അനഹ്മദികൾക്ക് അറിവ് ലഭിച്ചപ്പോൾ അവർ നമ്മുടെ മുബല്ലിഗിന് സന്ദേശം അയച്ച് കൊണ്ടു പറഞ്ഞു: നിങ്ങൾ പരിഭ്രമിക്കേണ്ട. നിങ്ങളുടെ ജോലി നിർബാധം തുടർന്ന്കൊള്ളുക. നിങ്ങൾ പ്രചരിപ്പിക്കുന്ന ഇസ്‌ലാമാണ് യഥാർത്ഥ ഇസ്‌ലാം. ഇതിൽ നിന്ന് നിങ്ങളെ തടയാൻ ആർക്കും കഴിയില്ല.

ഇങ്ങനെയുള്ള നല്ല മിത്രങ്ങളെ അല്ലാഹു എല്ലായിടത്തും സംജാതമാക്കികൊണ്ടിരിക്കുന്നു. സ്വയം അഹ്മദികളല്ലെങ്കിലും അഹ്മദിയ്യത്തിന്റെ പ്രചരണത്തിലും സന്ദേശമെത്തിക്കുന്നതിലും വലിയ പങ്കാണ് അവർ വഹിക്കന്നത്. ഇതും ഞാൻ പറഞ്ഞത് പോലെ അനുഗ്രഹമാണ്. ചുരുക്കത്തിൽ ഹസനാത്തിനെ എത്രത്തോളം വിശാലമാക്കുന്നുവോ അത്രത്തോളം തുറക്കപ്പെടുന്നതാണ്. ഈ ഭൗതിക ജീവിതത്തിലെ എല്ലാ വശങ്ങളിലും വ്യാപിക്കുന്നതിനായി അല്ലാഹുവിനോട് എത്രത്തോളം കാരുണ്യവും ഉത്തമവസ്തുക്കളും ആവശ്യപ്പെടുന്നുവോ അതെല്ലാം ഹസനാത്തിൽ ഉൽപ്പെടുന്നതാണ്. വ്യക്തിപരമായ ജീവിതത്തിൽ ഉത്തമ ഭാര്യയും, ഉത്തമ ഭർത്താവും, സൽസന്താനങ്ങളും, രോഗത്തിൽനിന്നു മുക്തമായ ജീവിതവും തുടങ്ങി അല്ലാഹുവിന്റെ ദൃഷ്ടിയിൽ നമുക്ക് ഗുണമുള്ള എല്ലാം തന്നെ ഭൗതിക ഹസനാത്തുകളാണ്. തനിക്കാവശ്യമുള്ള എല്ലാ വസ്തുക്കളും അല്ലാഹു അവന് നൽകണം എന്നതാണ് ഒരു വിശ്വാസിയുടെ ആഗ്രഹം. ബാഹ്യമായും ആന്തരികമായും എല്ലാതരത്തിലും നല്ലത്. കാരണം അദൃശ്യമായ എല്ലാ കാര്യങ്ങളുടേയും അറിവ് അല്ലാഹുവിന് മാത്രമാണുള്ളത്. അതിനാൽ ബാഹ്യവും ആന്തരികവുമായ നിലയിൽ നമുക്കേതാണ് ഉത്തമമെന്ന് അവനെ അറിയാൻ കഴിയൂ. ഏതെങ്കിലും വസ്തു തിരഞ്ഞെടുക്കുന്നതിൽ നമുക്ക് പിഴവ് സംഭവിക്കാം. എന്നാൽ അല്ലാഹുവിന് പിഴവ് സംഭവിക്കില്ല. പ്രത്യക്ഷത്തിൽ നാം ആരെയെങ്കിലും ഉത്തമമിത്രമായി ധരിക്കുന്നു. എന്നാൽ അയാൾ തന്നെ നഷ്ടമുണ്ടാക്കുന്നവനായി തീരുന്നു. തങ്ങളുടെ സുഹൃത്തുക്കളിൽ വളരെ വിശ്വാസമർപ്പിക്കുകയും വ്യാപാരത്തിൽ പങ്കാളികളാക്കുകയും ചെയ്യുകയും പിന്നീട് അവർ തന്നെ നഷ്ടം വരുത്തിയതുമായ പല സംഭവങ്ങളും ഉണ്ടാവുന്നു. നാം ആരെയെങ്കിലും അധികാരിയാക്കുന്നു. എന്നാൽ അയാൾ തന്നെ നഷ്ടമുണ്ടാക്കുന്നവനായി മാറുന്നു. ജമാഅത്തീ നിലയിലുള്ള ബുദ്ധിമുട്ടുകൾ കൂടാതെ നിത്യ ജീവിതത്തിലും ചിലർ പ്രയാസങ്ങളും ബുദ്ധിമുട്ടുകളുണ്ടാക്കുന്ന കാര്യങ്ങൾ ചെയ്യുന്നതായി നാം കാണുന്നു.

ചുരുക്കത്തിൽ, യഥാർത്ഥ നിലയിൽ **റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനതൻ** എന്ന ദു:ആ അല്ലാഹു സ്വീകരിക്കുകയാണെങ്കിൽ ജമാഅത്തിയായതും വ്യക്തിപരവുമായ പ്രയാസങ്ങളിൽ നിന്ന് മനുഷ്യൻ രക്ഷപ്പെടുന്നതാണ്. രക്ഷപ്പെടുക മാത്രമല്ല, അനുഗ്രഹങ്ങളുടെ അവകാശിയായി തീരുന്നതുമാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായി മാറുന്നതാണ്.

പിന്നീട് പറയുന്നു, **വഫിൽ ആഖിറതി ഹസനതൻ** പരലോകത്തും ഹസനാത്ത് ആയിട്ടുള്ള എല്ലാം നൽകേണമേ. അതായത് അവിടെ പ്രത്യക്ഷത്തിലും പരോക്ഷത്തിലും നല്ലതായ വസ്തുക്കൾ നൽകുക.ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) ഒരിടത്ത് ഇതിന്റെ വ്യാഖ്യനം ഇപ്രകാരം നൽകുന്നു, ആഖിറത്തിൽ നന്മ മാത്രമാണെന്ന് ചിലർ ധരിക്കുന്നു. നന്മയ്ക്കു വേണ്ടിയുള്ള ദു:ആ അല്ലാഹു സ്വീകരിച്ചാൽ നന്മ മാത്രമാണ്. അപ്പോൾ അവിടെ ആന്തരികവും ബാഹ്യവുമായ നിലയിൽ നല്ല വസ്തുക്കൾ എന്നതുകൊണ്ടുള്ള ഉദ്ദേശ്യമെന്താണ്? അതിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു. പരലോകത്തുള്ള എല്ലാം നല്ലത് തന്നെയാണ്. എന്നാൽ പരലോകത്തും ചില വസ്തുക്കൾ പരോക്ഷത്തിൽ നല്ലതാണെങ്കിലും പ്രത്യക്ഷത്തിൽ മോശമാണ്. ഉദാഹരണമായി, നരകം. നരകം മനുഷ്യന്റെ പരിഷ്കരണത്തിനുള്ള മാധ്യമാണെന്നാണ് വിശുദ്ധ ഖുർആനിൽ നിന്ന് മനസ്സിലാക്കുന്നത്. ഒരുവിധത്തിൽ അത് മോശമായതുമാണ്. പരലോകത്തിലേക്കു വേണ്ടിയും അല്ലാഹു **ഹസനത്തൻ** എന്ന പദം ഉപയോഗിക്കാൻ കാരണം, നിങ്ങളുടെ ദു:ആ ഇപ്രകാരമായിരിക്കണമെന്നതിനാലാണ്. അതായത്, ഞങ്ങളുടെ നാഥാ! ഞങ്ങളുടെ സമുദ്ധാരണം നരകത്തിലൂടെയായിരിക്കരുത്. മറിച്ച് നിന്റെ കാരുണ്യത്താലായിരിക്കണം. പരലോകത്ത് പരോക്ഷമായി മാത്രം നല്ലതായ വസ്തുക്കൾ നൽകരുത്. നരകത്തെപോലെ, അത് പരോക്ഷമായി നല്ലതാണ്. അതിലൂടെ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാകുന്നു. എന്നാൽ പ്രത്യക്ഷത്തിൽ മോശമാണ്. കാരണം അത് ശിക്ഷയാണ്. പരലോകത്തുള്ള **ഹസനത്തൻ** കേവലം സ്വർഗ്ഗമാകുന്നു. അത് പ്രത്യക്ഷത്തിലും പരോക്ഷത്തിലും നല്ലതാണ്.

ഇഹലോകത്തിലെ നന്മ പരലോകത്തിലെ നന്മക്ക് കാരണമാകുന്നു എന്നതും നാം ഓർക്കേണ്ടതാണ്. ഇഹലോകത്ത് നമുക്ക് ലഭിക്കുന്നവ ആന്തരികമായും ബാഹ്യമായും നല്ലതും ദൈവതൃപ്തി നേടിത്തരുന്നതുമാണെങ്കിൽ പരലോകത്തും ആന്തരികവും ബാഹ്യവുമായി നല്ലത് തന്നെ ലഭിക്കുന്നതാണ്. ഹദ്റത് മസീഹ് മൗഊദ് (അ) ഇതിനെ സംബന്ധിച്ച് ഒരിടത്ത് പറയുന്നു, മനുഷ്യൻ തന്റെ നഫ്സിന്റെ ക്ഷേമത്തിനായി രണ്ട് കാര്യങ്ങളെ ആശ്രയിക്കുന്നു. ഇഹലോകത്തെ സംക്ഷിപ്ത ജീവിതം, അതിൽ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങളും ദു:ഖങ്ങളും പരീക്ഷണങ്ങളും തുടങ്ങിയവയിനിന്ന് സുരക്ഷിതമാവുക. രണ്ടാമത്തേത് ദൈവത്തിൽ നിന്നും അകറ്റുന്ന ദുഷകർമ്മങ്ങളിൽ നിന്നും ആത്മീയരോഗങ്ങളിൽ നിന്നും മോക്ഷം നേടുക. ശാരീരികമായും, ആത്മീയമായും എല്ലാ വിപത്തുകളിൽ നിന്നും മോശമായ ജീവിതത്തിൽ നിന്നും, അപമാനത്തിൽ നിന്നും സുരക്ഷിതരായിരിക്കുന്നതിനാണ് ഭൗതിക **ഹസനാത്ത്** എന്നു പറയുന്നത്. **ഖുലിക്കൽ ഇൻസാന ളഈഫാ** അതായത് മനുഷ്യന്റെ ദുർബലനായാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. പറയുന്നു: ഒരു നഖത്തിൽ വേദനയുണ്ടെങ്കിൽ ജീവിതം ക്ലേശകരമാകുന്നു. അതുപോലെ മനുഷ്യന്റെ ജീവിതം മോശമാകുമ്പോൾ, ഉദാഹരണമായി തെരുവുസ്ത്രീകളുടെ സംഘത്തിന്റെ ജീവിതം എത്ര പീഢനങ്ങൾ നിറഞ്ഞതാണ്. മൃഗങ്ങളെ പോലെയുള്ള ജീവിതമാണ്. ദൈവത്തെയും പരലോകത്തെയും കുറിച്ചുള്ള അറിവില്ല.

ഇഹലോകപരമോ പരലോകപരമോ ആയ എല്ലാ നിലയിലും സർവ്വ വിപത്തുകളിൽ നിന്നും അല്ലാഹു സുരക്ഷിതനാക്കുക എന്നതാണ് ദുൻയാവിലെ **ഹസനാത്ത്**. പിന്നീട് **ആഖിറത്തി ഹസന**യിൽ പരലോകത്ത് ലഭിക്കുന്നത് ഭൗതിക നന്മയുടെ ഫലങ്ങളാണ്. ഭൗതിക നന്മകൾ മനുഷ്യന് ലഭ്യമായാൽ അത് പരലോകത്തിനായി സൽശകുനമാകുന്നു. ഭൗതിക നന്മകൾ എന്തിനാണ് ചോദിക്കുന്നത്, പരലോക നന്മകൾ ചോദിക്കുക എന്ന് പറയുന്നത് തെറ്റാണ്. പറയുന്നു, ആരോഗ്യത്തിലൂടെ മനുഷ്യന് സുഖം ലഭിക്കുന്നു. അത് മുഖേന അവർക്ക് പരലോകത്തിനായി ചിലത് ചെയ്യാൻ സാധിക്കുന്നു. അതുകൊണ്ടാണ് ഭൗതിക ലോകത്തെ പരലോകത്തിന്റെ കൃഷിയിടം എന്ന് പറയുന്നത്. ലോകത്ത് നടുന്നതായിരിക്കും അവിടെ ചെന്ന് വിളവെടുക്കുന്നത്. യഥാർത്ഥത്തിൽ അല്ലാഹു ആർക്കാണോ ലോകത്ത് ആരോഗ്യവും, ആദരവും, സന്താനങ്ങളും, സൗഖ്യങ്ങളും നൽകുന്നത്, അവരുടെ കർമ്മങ്ങൾ ഉത്തമങ്ങളായിരിക്കുകയും ചെയ്യുന്നത് അവരുടെ പരലോകവും നല്ലതായിരിക്കുമെന്ന് പ്രതീക്ഷിക്കാം.

പിന്നീട് ഇതേ ആയത്തിന്റെ അവസാനത്തിൽ അല്ലാഹു പറയുന്നു, **വഖിനാ അദാബന്നാർ.** ഞങ്ങളെ തീയുടെ ശിക്ഷയിൽ നിന്ന് രക്ഷിക്കേണമേ എന്ന് ദു:ആ ചെയ്യുക. ഇതിൽ പരലോകത്തെ ശിക്ഷയെ കുറിച്ച് മാത്രമല്ല പരാമർശിക്കുന്നത്. ഈ ലോകത്ത് തീയുടെ ശിക്ഷയുണ്ട്. ഈ ആയത്തിൽ ഇഹലോകത്തേയും പരലോകത്തേയും അഗ്നിയുടെ ശിക്ഷയിൽ നിന്ന് രക്ഷനേടുന്നതിനുള്ള ദു:ആയാണ് പഠിപ്പിച്ചിരിക്കുന്നത്. ഇഹലോകത്തുള്ള നരകശിക്ഷയും വിവിധ തരത്തിലാണുള്ളത്. വിപത്തുകളും, ദു:ഖങ്ങളും അല്ലാഹു ആഗ്രഹിക്കുകയാണെങ്കിൽ ശിക്ഷയ്ക്ക് പകരം നന്മയായിത്തീരുന്നു. ഇഹലോകത്തുള്ള നരകശിക്ഷയുടെ ഒരു ഉദാഹരണം ചില രാഷ്ട്രങ്ങളിൽ ഇന്നാളുകളിൽ രൂപം കൊണ്ടിട്ടുള്ള അവസ്ഥയാണ്. വീട്ടിലിരിക്കുമ്പോഴോ, അങ്ങാടിയിൽ നടക്കുമ്പൊഴോ എവിടെ നിന്നെങ്കിലും വെടിയുണ്ട വന്ന് തറക്കുമെന്നോ, അല്ലെങ്കിൽ സ്ഫോടനം ഉണ്ടായി മനുഷ്യനെ രക്തത്തിൽ കുളിപ്പിക്കുമെന്നൊ, അല്ലെങ്കിൽ അവന്റെ ജീവൻ നശിപ്പിക്കുമെന്നോ അറിയില്ല. ധാരാളം ജീവനുകൾ ഇപ്രകാരം പാഴായി പോകുന്നു. അതിനാൽ നരകശിക്ഷയിൽ നിന്ന് മനുഷ്യൻ മോക്ഷത്തിനായി ദു:ആ ചെയ്യുമ്പോൾ ഇത്തരത്തിൽ സംഭവിക്കുന്ന സ്ഥലങ്ങളിൽ നിന്ന്, ജീവിതത്തിൽ നിന്ന് അല്ലാഹു ദു:ആ സ്വീകരിച്ചുകൊണ്ട് രക്ഷപ്പെടുത്തുന്നു. ഇന്ന് ഭീകരവാദികൾ സംജാതമാക്കിയിട്ടുള്ള ഈ അവസ്ഥയിൽ നിന്ന് രക്ഷനേടുന്നതിനുള്ള ദു:ആയാണിത്.

കഴിഞ്ഞ ദിവസം കറാച്ചിയിലുള്ള നമ്മുടെ അഹ്മദി

യുവാവ് 40,45 വയസ്സായിരുന്നു, സാധനങ്ങൾ വാങ്ങുന്നതിനായി വീട്ടിൽ നിന്ന് പുറപ്പെട്ടതായിരുന്നു. 2,4 മിനിറ്റുകൾക്ക് ശേഷം തന്നെ സ്ഫോടനം ഉണ്ടാകുകയും 50 ാ ളം ആളുകൾ കൊല്ലപ്പെടുകയും ചെയ്തു. അതിൽ അദ്ദേഹവും ശഹീദായി.

ചുരുക്കത്തിൽ ഇന്ന് എല്ലായിടത്തും ഈ ഭീകരവാദികൾ തീക്കുണ്ഡം തയ്യാറാക്കിയിരിക്കുകയാണ്. അതിന്റെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടുന്നതിനായി അല്ലാഹുവിനോട് ധാരാളം ദു:ആ ചെയ്യേണ്ട ആവശ്യമുണ്ട്. എപ്പോൾ എവിടെ എന്താണ് സംഭവിക്കുക എന്ന് അല്ലാഹുവിനറിയാം. അതിനാൽ ഞാൻ വീട്ടിലിരിക്കുന്നതും പുറത്തിറങ്ങുന്നതും നിന്റെ കാരുണ്യത്താൽ അനുഗ്രഹീതമായിരിക്കുകയും, എന്നെ ഈ ശിക്ഷയിൽ നിന്ന് രക്ഷക്കണമെന്നും അവനോട് ദു:ആ ചെയ്യുക. അതുപോലെ ആഖിറത്തിലെ ശിക്ഷയിൽ നിന്നും എന്നെ രക്ഷിക്കണെ. മസീഹ് മൗഊദ് (അ) ന്റെ ഒരു ഉദ്ധരണി വായിക്കുകയാണ്. അദ്ദേഹം പറയുന്നു, ആരുടെ സർവ മാർഗങ്ങളുമാണോ അടഞ്ഞിരിക്കുന്നത് അവർക്കാണ് ദു:ആയുടെ ആവശ്യം. അവനിലേക്കല്ലാത്ത മറ്റ് മാർഗ്ഗങ്ങളൊന്നുമില്ലാത്തവനിൽ നിന്നാണ് ദു:ആ പുറപ്പെടുന്നത്. കഴിഞ്ഞതിന്റെ മുമ്പത്തെ ഖുത്വുബയിൽ ഞാൻ മുസ്‌ലിഹ് മൗഊദുമായി ബന്ധപ്പെട്ട് ഇതിനെ വിശദീകരിച്ചിരുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു, ആരുടെ സർവമാർഗങ്ങളുമാണൊ അടഞ്ഞിരിക്കുന്നത് അവർക്കാണ് ദു:ആയുടെ ആവശ്യം. അവനിലേക്കല്ലാത്ത മറ്റ് മാർഗ്ഗങ്ങളൊന്നുമില്ലാത്തവനിൽ നിന്നാണ് ദു:ആ പുറപ്പെടുന്നത്. അല്ലാഹുവിനെ തന്നെ തന്റെ നാഥനായി മനസ്സിലാക്കുകയും തന്റെ നാഥന്റെ മുന്നിൽ മറ്റെല്ലാ വ്യാജദൈവങ്ങളും നിഷ്ക്രിയമാണെന്ന ദൃഢവിശ്വാസമുള്ളവരിൽ നിന്നുമാണ് **റബ്ബനാ ആതിനാ ഫിദ്ദുൻയാ** എന്ന ദു:ആ പുറപ്പെടുന്നത്. പറയുന്നു, അഗ്നി കൊണ്ടുദ്ദേശിക്കുന്നത് ഖിയാമത്തിൽ ഉണ്ടാകുന്ന അഗ്നി മാത്രമല്ല, മറിച്ച് ദീർഘായുസ്സ് കരസ്ഥമാക്കുന്ന മനുഷ്യൻ, ഇഹലോകത്ത് തന്നെ ആയിരക്കണക്കിന് അഗ്നികളുണ്ടെന്ന് മനസ്സിലാക്കുന്നു. വിവിധ തരത്തിലുള്ള അഗ്നികൾ ലോകത്തുണ്ടെന്ന് അനുഭവസ്ഥർക്കറിയാം. വിവിധ തരത്തിലുള്ള ശിക്ഷകൾ, ഭയം, രക്തച്ചൊരിച്ചിൽ, പട്ടിണിയും ക്ഷാമവും, രോഗങ്ങൾ, പരാജയം, അപമാനത്തിന്റെയും നിന്ദ്യതയുടെയും ഭയം, ഭാര്യാമക്കളെ സംബന്ധിച്ചുള്ള വേവലാതികൾ, കുടുംബക്കാരുമായുള്ള ബന്ധങ്ങളിലെ പ്രശ്നങ്ങൾ ഇവയെല്ലാം തന്നെ അഗ്നിയാകുന്നു. എല്ലാ തരത്തിലുള്ള തീയിൽനിന്നും ഞങ്ങളെ രക്ഷിക്കണേ എന്ന് വിശ്വാസി ദു:ആ ചെയ്യുന്നു. നിന്റെ കോന്തല പിടിച്ച ഞങ്ങളെ മനുഷ്യ ജീവിതത്തെ കയ്പ്പുള്ളതാക്കിത്തീർക്കുന്ന, മനുഷ്യന് അഗ്നിയായിത്തീരുന്ന ഈ എല്ലാ മാരണങ്ങളിൽ നിന്നും നീ രക്ഷിക്കണെ.

നമുക്ക് വളരെയധികം ആവശ്യമുള്ള, പ്രാധാന്യമുള്ള രണ്ടാമത്തെ ദു:ആ സൂറ ബക്കറയിലെ അവസാന സൂക്തമാണ്. ഞാനത് പാരായണം ചെയ്യുകയുണ്ടായി. അതിൽ അല്ലാഹു നമ്മോട് ഇങ്ങിനെ ദു:ആ ചെയ്യാൻ പറയുന്നു. **റബ്ബനാ ലാ തുആഖിദ്നാ ഇന്നസീനാ അവ് അഖ്തഅ്നാ** ഞങ്ങളുടെ നാഥാ! ഞങ്ങൾ മറക്കുകയോ അല്ലങ്കിൽ ഞങ്ങളിൽ നിന്ന് തെറ്റ് വന്ന് ഭവിക്കുകയോ ചെയ്യുകയാണെങ്കിൽ നീ ഞങ്ങളെ പിടിക്കരുതേ. മറക്കുക എന്നത് കൊണ്ടുദ്ദേശിക്കുന്നത് ചെയ്യേണ്ട അനിവാര്യമായ ഒരു കാര്യം ചെയ്യാതിരിക്കുക എന്നതാണ്. ഒന്നാമത് മനപ്പൂർവ്വമല്ല, മറവി കാരണത്താലായിരിക്കും. രണ്ടാമത് അത് ചെയ്തില്ലെങ്കിൽ അത് എത്രത്തോളം ഞങ്ങളിൽ പ്രാധാന്യമുളവാക്കുന്നതാണെന്ന ധാരണ ഇല്ലാതിരിക്കുക. ചെയ്തില്ലെങ്കിൽ കുഴപ്പമില്ല നിസാര കാര്യമാണ് എന്ന് ചിന്തിക്കുക. അത് കൊണ്ടാണ് മറവിയിൽ നിന്നും തെറ്റിൽ നിന്നും രക്ഷിക്കുക എന്ന ദു:ആ പഠിപ്പിച്ചത്. എന്നാൽ ഒരു കാര്യം പ്രസക്തമാണോ, അപ്രസക്തമാണോ എന്ന അറിവ് മനുഷ്യനില്ല. ഏതെങ്കിലും സുപ്രധാന കാര്യം ചെയ്യുന്നില്ലെങ്കിൽ അത് തന്റെ ആത്മീയ വളർച്ചയെ സ്വാധീനിക്കുമെന്ന് അറിയുന്നില്ല. തങ്ങളുടെ അല്ലാഹുമായുള്ള ബന്ധത്തിൽ കുറവുണ്ടാവുമെന്ന് അറിയുന്നില്ല. അതിനാൽ അല്ലാഹുവേ! അത്തരത്തിലുള്ള തെറ്റുകളിൽ നിന്ന് രക്ഷിക്കണമേ, ഇനി അത്തരത്തിലുള്ള തെറ്റ് സംഭവിച്ചു പോയാൽ തന്നെയും ശിക്ഷിക്കരുതെ. അതു പോലെ ഏതെങ്കിലും കാര്യം തെറ്റായ നിലയിൽ ചെയ്താൽ, അല്ലെങ്കിൽ ചെയ്യരുതാത്ത കാര്യം ചെയ്താൽ ഞങ്ങളെ ശിക്ഷിക്കരുതെ. മറിച്ച് ഞങ്ങളുടെ തെറ്റുകളെ  ക്ഷമിച്ച് തരേണമെ, ക്ഷമിച്ചു കൊണ്ട് അതിന്റെ ദുഷ്പ്രഭാവത്തിൽ നിന്ന്, നിന്റെ കോപത്തിൽ നിന്ന് രക്ഷിക്കേണമെ. എന്നാൽ നാം മനപ്പൂർവ്വം തെറ്റുകൾ ആവർത്തിച്ചു കൊണ്ടിരിക്കുകയും സ്വന്തം പരിഷ്കരണത്തിനായി ശ്രമിക്കാതിരിക്കുകയും ചെയ്ത് കൊണ്ട് ഈ ദു:ആ ചോദിക്കുകയാണെങ്കിൽ അത് ദു:ആ ആകുകയില്ല. മറിച്ച് അല്ലാഹുവിനേയും ദു:ആയേയും പരിഹസിക്കുകയായിരിക്കും

ദു:ആകൾ സൽപരിണാമത്തിനായിട്ടുള്ളതാണ്. അല്ലാഹുവിനെ പരീക്ഷിക്കാനുള്ളതല്ല. അതിനാൽ കർമ്മങ്ങളുള്ളിടത്തെ യഥാർത്ഥ ദു:ആ ഉണ്ടാകുകയുള്ളു. അതും പൂർണ്ണതയിലേക്കെത്തിക്കുവാനാണ് ഹദ്റത് മസീഹ് മൗഊദ് (അ) പറഞ്ഞിരിക്കുന്നത്. പിന്നീട് പറയുന്നു,

رَبَّنَا وَلَا تَحْمِلْ عَلَيْنَآ اِصْرًا كَمَا حَمَلْتَهٗ عَلَى الَّذِيْنَ مِنْ قَبْلِنَا ۚ

ശിക്ഷക്ക് ഹേതുവായ മുമ്പുള്ളവർക്ക് ചുമത്തിയതുപോലുള്ള ഭാരം ഞങ്ങൾക്ക് ചുമത്തരുതേ. നമസ്കരിക്കുന്നതിനെ കുറിച്ചോ, വുശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളെ സംബന്ധിച്ചുള്ള കൽപനകളേയോ കുറിച്ചോ ഇത് ഞങ്ങൾക്ക് അസാധാരണമായ ഭാരമാണെന്ന് പറയുന്നില്ല എന്നത് ഇവിടെ ശ്രദ്ധേയമാണ്. അല്ലാഹു മുമ്പേ തന്നെ **ലാ യുകല്ലിഫുല്ലാഹു നഫ്സൻ ഇല്ലാ വുസ്അഹാ** എന്ന് പറഞ്ഞിരിക്കുന്നു. അല്ലാഹു തന്റെ കൽപനകൾ മനുഷ്യന്റെ കഴിവിനും പ്രാപ്തിക്കും അനുസരിച്ചാണ് നൽകുന്നത്. ഇവിടെ ഭാരം ചുമത്തരുത് എന്നത് കൊണ്ടുദ്ദേശിക്കുന്നത്, ചില അപരാധങ്ങൾ കാരണം മുമ്പുള്ളവർക്ക് ശിക്ഷ നൽകുകയുണ്ടായി. ആ ശിക്ഷ ഞങ്ങളിൽ ഇറക്കരുതെ, മുമ്പുള്ളവരുടെ നാശത്തിന് ഹേതുവായ അവരിൽ നിന്നും സംഭവിച്ച അപരാധങ്ങൾ ഞങ്ങളിൽ നിന്ന് ഉണ്ടാകരുതെ. തെറ്റുകൾ ആവർത്തിക്കുകയും, ഞങ്ങളെ ശിക്ഷിക്കരുതെ എന്ന് ദു:ആ ചെയ്തു കൊണ്ടിരിക്കുകയും ചെയ്യുകയാണെങ്കിൽ ഇത് സംഭവ്യമല്ല. ഇത് പൊതുനിയമത്തിനെതിരാണ്.

അതിനാൽ ഈ ദു:ആയും അതോടൊപ്പം ദുഷ്കർമ്മങ്ങളിൽ നിന്ന് രക്ഷ നേടുന്നതിനുള്ള ശ്രമവുമാണ് മനുഷ്യനെ ശിക്ഷയിൽ നിന്ന് രക്ഷിക്കുന്നത്. പൂർവ്വികരുടെ അപരാധങ്ങളുടെ കാരണത്താൽ അവരുടെ അവകാശങ്ങളെ അവഗണിക്കുന്ന ഭരണാധിപന്മാർക്ക് അവരുടെ മേൽ വിജയം നൽകി. അതിനാൽ ഞങ്ങൾക്ക് ശിക്ഷയായിത്തീരുന്ന ഇത്തരത്തിലുള്ള ഭരണാധിപന്മാരിൽ നിന്ന് ഞങ്ങളെ രക്ഷിക്കണെ. നിന്റെ കോപം കാരണത്താലാണ് ഈ ശിക്ഷ ഞങ്ങളിൽ ഇറങ്ങുന്നത്. കോപത്താലാണെങ്കിൽ വളരെയധികം ദു:ആ ചെയ്യേണ്ട ആവശ്യമുണ്ട്. ഇനി ഇത് പരീക്ഷണമാണെങ്കിൽ ഈ പരീക്ഷണത്തെ ഞങ്ങൾക്ക് ലഘൂകരിച്ച് തരേണമേ. പിന്നീട് **റബ്ബനാ വലാ തുഹമ്മിൽനാ മാലാ ത്വാഖത ലനാ ബിഹ്** എന്ന ദു:ആ പഠിപ്പിച്ചു. ചിലപ്പോൾ മറ്റുള്ളവരുടെ ശിക്ഷയുടെ പ്രഭാവവും മനുഷ്യനിലുണ്ടാകുന്നു. ഏതെങ്കിലും രീതിയിൽ അത് സ്വാധീനം ചെലുത്താം. അതിനാൽ അതിൽ നിന്ന് രക്ഷനേടുന്നതിനുള്ള ദു:ആയും പഠിപ്പിച്ചു. അല്ലാഹുവേ! ഇവരുടെ ശിക്ഷയുടെ ദുഷ്പ്രഭാവത്തിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമെ. യുദ്ധങ്ങളിലും ഭീകരാക്രമണത്തിലും കൊല്ലാൻ ഉദ്ദേശിക്കാത്തവരും കൊല്ലപ്പെടുന്നു. ഞാൻ നേരത്തെ പറയുകയുണ്ടായി, ഏതെങ്കിലും പ്രത്യേക വിഭാഗത്തെ നശിപ്പിക്കാനാണ് ആഗ്രഹിക്കുന്നതെങ്കിലും അവിടെ എത്തിയവരും കൊല്ലപ്പെടുന്നു. നിഷ്ക്കളങ്ക കുട്ടികളും കൊല്ലപ്പെടുന്നു. ഹദ്റത് മുസ്ലിഹ് മൗഊദ് പറയുന്നു, **മാലാ ത്വാഖത ലനാ** എന്ന നിബന്ധന, ഇവിടെ കോപത്തിന്റെ കാര്യമല്ല മറിച്ച്, ഭൗതിക വിപത്തുകളേയും പരീക്ഷണങ്ങളെ കുറിച്ചുള്ള പരാമർശമാണ് എന്നതിനാലാണ്. അല്ലാഹുവിന്റെ ചെറിയ അനിഷ്ടം പോലും അസഹ്യമാണ്. എന്നാൽ ചെറിയ പ്രയാസം സഹിക്കാൻ സാധിക്കുന്നു. ചുരുക്കത്തിൽ ഞങ്ങൾക്ക് നിന്റെ ഒരു അനിഷ്ടത്തേയും താങ്ങുന്നതിനുള്ള കഴിവില്ല എന്നതാണ് ആത്മീയ ശിക്ഷയെ സംബന്ധിച്ചുള്ള ദു:ആ. ഭൗതിക പ്രയാസങ്ങളുടെ പരാമർശം വന്നപ്പോൾ പഠിപ്പിച്ച ദുആ, എനിക്ക് ചെറിയ പരീക്ഷണങ്ങളിൽ യാതൊരു ആക്ഷേപവുമില്ല എന്നാണ്. ഞാനെപ്പോഴും പുഷ്പങ്ങളുടെ വീഥിയിലൂടെയാണ് സഞ്ചരിക്കുന്നതെന്ന് പറയുന്നില്ല. കാരണം മനുഷ്യനെ പരീക്ഷിക്കുന്നതിനായി അല്ലാഹു പറഞ്ഞിട്ടുള്ളത് ഞാൻ പരീക്ഷണങ്ങൾ നൽകുന്നാണെന്നാണ്. എന്നാൽ ലോകത്ത് വന്നു കൊണ്ടിരിക്കുന്ന നിന്റെ അനിഷ്ടത്തിന് കാരണമാകാത്ത പരീക്ഷണങ്ങളെ സംബന്ധിച്ചുള്ള എന്റെ ദുആ, ആ പരീക്ഷണങ്ങൾ എന്റെ കഴിവിനതീതമാകല്ലേ എന്നാണ്. വിശ്വാസി പരീക്ഷണങ്ങളെ ആഗ്രഹിക്കുന്നില്ല. എന്നാൽ വിശ്വാസികളെ പരീക്ഷിക്കുന്നതാണെന്ന് അല്ലാഹു പറഞ്ഞ കാരണത്താൽ പരീക്ഷണത്തെ എളുപ്പമാക്കുന്നതിനുള്ള ദുആ പഠിപ്പിച്ചു തന്നിരിക്കുന്നു. പിന്നീട് പറയുന്നു, **വഅ്ഫു അന്നാ** എന്ന് ദുആ ചെയ്യുക. ഞങ്ങൾക്ക് മാപ്പു നൽകേണമേ. ദുർഭവിഷ്യത്തുകളിൽ നിന്നും എന്നെ രക്ഷിക്കേണമേ. **വഗ്ഫിർ ലനാ** എന്നിൽ നിന്ന് സംഭവിച്ച തെറ്റുകളുടെ പ്രഭാവങ്ങളിൽ നിന്നും സ്വാധീനത്തിൽ നിന്നും എന്നെ രക്ഷിക്കേണമേ. എന്റെ തെറ്റുകളെ മറച്ച് വെക്കേണമേ. തെറ്റ് ചെയ്യാത്തതുപ്പോലെ എന്നെ ആക്കിത്തീർക്കേണമേ. **അഫ്വ്** ന്റെ അർഥം കാരുണ്യത്തിന്റേതുമാണ്. ആരിൽ നിന്നെങ്കിലും വിട്ടുപോയ കാര്യങ്ങളെ പരിഹരിക്കുന്നത് അത് എത്തിച്ചുകൊടുത്താണ്. **വഅ്ഫു അന്നാ** എന്നതിന്റെ അർഥം, എന്റെ കർമ്മങ്ങളിൽ വന്ന ന്യൂനത നീ നിന്റെ അനുഗ്രഹത്താലും കാരുണ്യത്താലും പൂർത്തിയാക്കി തരേണമേ എന്നാണ്. **വർഹംനാ** എന്നിൽ നിന്ന് സംഭവിച്ച തെറ്റുകളെയും, എന്റെ പുരോഗതിയുടെ മാർഗ്ഗത്തിലെ തടസ്സങ്ങളെയും, എന്റെ തെറ്റിനാൽ ജമാഅത്തിന്റെ പുരോഗതിയിൽ പ്രഭാവം ചെലുത്തുന്നതിനെ സംബന്ധിച്ചുമെല്ലാം എന്നിൽ കരുണ കാണിക്കേണമേ. പുരോഗതിയുടെ മാർഗ്ഗത്തിലുള്ള എല്ലാ തടസ്സങ്ങളെയും ദൂരീകരിക്കേണമേ. **അൻത മൗലാനാ,** നീ തന്നെയാണ് ഞങ്ങളുടെ രക്ഷാധികാരി, ഞങ്ങളുടെ യജമാനൻ. ജനങ്ങൾ ഞങ്ങളുടെ ദൗർബല്യങ്ങളെ നിന്നിലേക്ക് ചൂണ്ടിക്കാണിക്കുന്നതാണ്.

ഇന്ന് ലോകത്ത് ഞങ്ങൾ ജമാഅത്താണ് എന്ന് വാദിക്കുന്ന ഒരു ജമാഅത്ത് മാത്രമെ കാണുന്നുള്ളു. ഒരു ജമാഅത്തംഗത്തിന്റെ തെറ്റിന്റെ ഭവിഷ്യത്ത് മൊത്തത്തിൽ ചില സ്ഥലങ്ങളിൽ ഉണ്ടാകുന്നു. അതിനാൽ ജനങ്ങൾ ഈ ബലഹീനതകളെ നിന്നിലേക്ക് ചൂണ്ടിക്കാണിക്കുമെന്നതിനാൽ, അതായത് ജനങ്ങൾ പറയും ഇത് ദൈവീക ജമാഅത്താണെന്ന് വാദിക്കുന്നുണ്ടെങ്കിലും അവർക്കും മറ്റുള്ളവരെപ്പോലെയുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു, ശിക്ഷയും ഇറങ്ങുന്നു. അതിനാൽ അല്ലയോ നാഥാ! നീ ഞങ്ങളുടെ യജമാനനാണ്. ഞങ്ങൾ നിന്റെ സേവകരാകുന്നു. നീ ഞങ്ങളിൽ കരുണ കാണിക്കേണമേ. ഞങ്ങളുടെ ബലഹീനതകൾ നിന്നിലേക്ക് ചൂണ്ടിക്കാണിക്കപ്പെടുന്നതാണ്. ഇത് അവരുടെ വാദങ്ങൾ മാത്രമാണ്, അല്ലാഹുവുമായി ഇവർക്ക് യാതൊരു ബന്ധവുമില്ലെന്ന് ജനങ്ങൾ മനസ്സിലാക്കുന്നതാണ്. ഞങ്ങൾ ചെയ്യുന്ന സന്മാർഗ്ഗത്തിന്റെയും തബ്ലീഗിന്റെയും മാർഗ്ഗങ്ങളിൽ തടസ്സം സംജാതമാകും, അതിൽ സ്വാധീനം ചെലുത്തും. തന്മൂലം ലോകർ സൻമാർഗ്ഗത്തിൽ നിന്ന് പിന്തള്ളപ്പെടും. അതിനാൽ ഞങ്ങൾ കാരുണ്യം യാചിക്കുന്നു. സ്വന്തം തെറ്റുകളെയും അലസതയെയും ഏറ്റ് പറയുന്നു. നിന്നിൽ നിന്ന് പൊറുക്കലിനെ തേടുന്നു. **ഫൻസുർനാ അലൽ ഖൗമിൽ കാഫിരീൻ,** നിന്റെ സവിശേഷ ദൃഷ്ടി ഞങ്ങളിൽ പതിപ്പിച്ചുകൊണ്ട് ഞങ്ങൾക്ക് നിഷേധികളുടെ സമൂഹത്തിന് മേൽ വിജയം നൽകേണമേ. ഇസ്ലാമിന്റെ പുരോഗതിയിൽ തടസ്സം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നവർക്ക് മേൽ ഞങ്ങളെ വിജയിപ്പിക്കേണമേ. നിന്റെ നാമത്തെയും നിന്റെ സന്ദേശത്തെയും ഞങ്ങൾ ലോകത്ത് പ്രചരിപ്പിക്കുന്നവരാകട്ടെ.

ഇന്ന് മുസ്ലിംകളോ അല്ലെങ്കിൽ ദൈവനിശേഷധികളോ മാത്രമല്ല ഇസ്ലാമിനെതിരിൽ പറയുന്നത്, മറിച്ച് മുസ്ലിംകളിൽ തന്നെയുള്ള ഒരു വിഭാഗം ഇസ്ലാമിന്റെ പ്രചരണ മാർഗ്ഗത്തിൽ പ്രതിബന്ധമായിരിക്കുകയാണ്. മുസ്ലിംകളിൽ നിന്നുള്ള അധികം പേരും ഇസ്ലാമിനെ അപകീർത്തിപ്പെടുത്തുന്നവരാണ്. ആ മുസ്ലിംകൾ ലോകത്ത് നമ്മുടെ പ്രചരണത്തിൽ തടസ്സമാകുന്നു. ഇസ്ലാമിന്റെ പേരിൽ ഭീകരവാദികളായിത്തീർന്നിട്ടുള്ള ചില വിഭാഗങ്ങൾ ഇസ്ലാമിന്റേതെന്ന് പറഞ്ഞ് സമർപ്പിക്കുന്ന ഭീകര പാഠങ്ങളുടെ പ്രഭാവം നമ്മുടെ തബ്ലീഗിലും ഉണ്ടാവുന്നു, ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ഇക്കാരണത്താൽ അല്ലാഹുവിനോട് പ്രത്യേക തീവ്രതയോടു കൂടി ദുആ ചെയ്യേണ്ട ആവശ്യമുണ്ട്. പിന്നീട് ദുആകളിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഇൽഹാമീ ദുആയായ **റബ്ബി കുല്ലി ശയ്ഇൻ ഖാദിമുക റബ്ബീ ഫഹ്ഫസ്നീ വൻസുർനീ വർഹംനീ** എന്ന ദുആയുമുണ്ട്. അതായത്, അല്ലാഹു നമ്മെ അവന്റെ സംരക്ഷണത്തിൽ വെക്കട്ടെ, നമ്മെ സഹായിക്കട്ടെ. നമ്മിൽ കരുണ ചൊരിയട്ടെ. ഇഹപര ലോകത്തെ നന്മകളാൽ നമ്മെ അനുഗ്രഹീതമാക്കട്ടെ എന്ന ദുആയും ഇക്കാലത്ത് ധാരാളമായി ചെയ്യേണ്ടതുണ്ട്. എന്നെയും ഈ ദുആയിലേക്ക് പ്രത്യേകമായി ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. അതിനാൽ ഓരോ അഹ്മദിയും വിശേഷിച്ച് ഈ ദുആ ചെയ്യേണ്ടതാണ്. അല്ലാഹു എല്ലാ അഹ്മദികളെയും സർവ്വ ഉപദ്രവങ്ങളിൽ നിന്നും സംരക്ഷിക്കട്ടെ. ദീനിലെയും ദുൻയാവിലെയും ആഖിറത്തിലെയും നന്മകൾ നമ്മിൽ വർഷിക്കുമാറാകട്ടെ. നന്മകളിൽ നിലയുറപ്പിക്കട്ടെ. തെറ്റുകളെയും പിഴവുകളെയും പൊറുത്ത് തരട്ടെ. ഭാവിയിൽ അതിൽ നിന്ന് എപ്പോഴും സംരക്ഷിക്കട്ടെ. പാകിസ്ഥാനിലെ അഹ്ദികളോടും പ്രത്യേകിച്ച് പറയുന്നു, അവർ സ്വയം ആത്മപരിശോധന നടത്തിക്കൊണ്ട് ഇതിലേക്ക് ശ്രദ്ധിക്കുക. തങ്ങളുടെ നമസ്കാരങ്ങളിൽ ഈ ദുആകൾക്ക് പ്രത്യേക സ്ഥാനം നൽകുക. ഓരോ അഹ്മദിയും ദുആയുടെ ആത്മാവ് തന്നിൽ സംജാതമാക്കുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത് പോലെ ദുആയെ ഔന്നിത്യത്തിലേക്കെത്തിക്കുക. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഞാൻ പറഞ്ഞതുപോലെ കറാച്ചിയിൽ ബോബ് സ്ഫോടനത്തിൽ ഒരഹ്മദി ശഹീദായിരിക്കുന്നു. കൂടാതെ പാകിസ്ഥാനിൽ ജമാഅത്തിന്റെ ഒരു സേവകന്റെ മരണവുമുണ്ട്. ഇവരുടെ രണ്ടുപേരുടെയും ജനാസ ഗാഇബ് ജുമുഅക്ക് ശേഷം ഞാൻ നമസ്കരിപ്പിക്കുന്നതാണ്. അവരുടെ സംക്ഷിപ്ത വിവരങ്ങൾ ഞാൻ പറയാം.

ശഹീദായിരിക്കുന്ന വ്യക്തിയുടെ പേര് മുബശ്ശിർ അഹ്മദ് അബ്ബാസി സാഹിബ് എന്നാണ്. അദ്ദേഹം നാദിർ അബ്ബാസി സാഹിബിന്റെ പുത്രനാണ്. 2013 മാർച്ച് 3-ാം തിയ്യതിയാണ് ശഹീദായത്. മുബശ്ശിർ അഹ്മദ് അബ്ബാസി സാഹിബിന്റെ കുടുംബത്തിൽ അദ്ദേഹത്തിന്റെ പ്രപിതാമഹൻ തോംഗർ അലി ആബാസി സാഹിബ് മുഖേനയാണ് അഹ്മദിയ്യത്ത് പ്രവേശിച്ചത്. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധ കൈകളിൽ ബയ്അത്ത് ചെയ്തിരുന്നു. അദ്ദേഹത്തിന്റെ കുടുംബബന്ധം ഇന്ത്യയിലെ യു.പി യിലുള്ള അലീ പൂർക്കേഡ അല്ലെങ്കിൽ കീഡയുമായിട്ടായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിൽ അദ്ദേഹത്തിന്റെ പിതൃസഹോദരീ ഭർത്താവ് മുഹമ്മദ് സാദിഖ് ആരിഫ് സാഹിബും, മുഹമ്മദ് യൂസുഫ് സാഹിബ് ഗുജറാത്തി ദർവേശ് ഖാദിയാനും ഉൾപ്പെടുന്നു. അദ്ദേഹത്തിന്റെ പിതാമഹൻ ഇന്ത്യൻ പോലീസിലായിരുന്നു. വിരമിച്ചതിനു ശേഷം ജീവിതം വഖ്ഫ് ചെയ്ത് ഖാദിയാനിൽ ബയ്ത്തുൽ മാൽ ഇൻസ്പെക്ടറായി സേവനമനുഷ്ഠിച്ചു. മുബശ്ശിർ അഹ്മദ് ആബാസി 1968 ൽ ഗുജറൻ വാലയിലാണ് ജനിച്ചത്. 45 വയസ്സായിരുന്നു. 1982 ൽ തൊഴിൽ സംബന്ധമായി കറാച്ചിയിലെത്തി. ശഹാദത്ത് സമയത്ത് കറാച്ചിയിലെ ഒരു ഫാക്ടറിയിൽ ജോലി ചെയ്യുകയായിരുന്നു. 2013 മാർച്ച് 3 ന് വൈകുന്നേരം മഗ്രിബ് നമസ്കാരത്തിനോടടുത്ത് കറാച്ചിയിലെ അബ്ബാസ് ടൗണിൽ ഒരു ബോംബ് സ്ഫോടനം നടന്നു. തൽഫലമായി 50 ലധികം ആളുകൾ മരണപ്പെടുകയും ധാരാളം പേർക്ക് പരിക്ക് പറ്റുകയും ചെയ്തു. അദ്ദേഹത്തിന്റെ താമസം അബ്ബാസ് ടൗണിലായിരുന്നു. സംഭവത്തിന് 5 മിനിറ്റ് മുമ്പ് ചില മരുന്നുകൾ വാങ്ങുന്നതിനായി വീട്ടിൽ നിന്നും പുറപ്പെടുകയും സ്ഫോടനത്തിൽ അകപ്പെടുകയും ചെയ്തു. മുബശ്ശിർ സാഹിബ് സ്ഫോടനം നടന്ന സ്ഥലത്തിന് വളരെ സമീപത്തായിരുന്നു. സംഭവസ്ഥലത്ത് തന്നെ ശഹീദായി. ആദ്യത്തിൽ അദ്ദേഹത്തെ കാൺമാനില്ല എന്ന വിവരമാണ് ലഭിച്ചത്. പിന്നീട് ടെലിഫോണിൽ ലഭിച്ച വിവരമനുസരിച്ച് ആശുപത്രിയിൽ ചെന്ന് തിരിച്ചറിയുകയാണുണ്ടായത്. മുബശ്ശിർ അബ്ബാസ് സാഹിബ് വളരെയധികം സൽപ്രകൃതക്കാരനും എല്ലാവരുമായും കൂട്ടുകൂടുന്ന സ്വഭാവക്കാരനുമായിരുന്നു. ഭാര്യാമക്കളുമായും സഹോദരീ സഹോദരന്മാരുമായും നല്ല ബന്ധമായിരുന്നു. അദ്ദേഹത്തിന് ഭാര്യയെക്കൂടാതെ ഖദീജ മുബശ്ശിർ എന്ന 12 വയസ്സുള്ള മകളും 10 വയസ്സുള്ള നാദിർ ബഖ്ശ് എന്ന മകനുമാണുള്ളത്. കൂടാതെ 3 സഹോദരീ സഹോദരന്മാരുമുണ്ട്.

രണ്ടാമത്തെ ജനാസ ജമാഅത്തിന്റെ ഒരു പഴയ സേവകനായ ഡോക്ടർ സയ്യദ് സുൽത്താൻ മുഹമ്മദ് ശാഹ് സാഹിബിന്റെതാണ്. അദ്ദേഹം 2013 മാർച്ച് 3 ന് 90-ാമത്തെ വയസ്സിൽ വഫാത്തായി, اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ 1923 ഒക്ടോബർ 16 ന് ജില്ല ശേഖാപുരയിലെ ശാഹ് മിസ്കീനിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് സയ്യിദ് സർദാർ അഹ്മദ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹാബിയായിരുന്നു. അദ്ദേഹം സുൽത്താൻ സാഹിബിനെ ജനനത്തിന് മുമ്പേ വഖ്ഫ് ചെയ്തിരുന്നു. അദ്ദേഹം ഇസ്‌ലാമിയ കോളേജ് ലാഹോറിൽ നിന്ന് ബി.എസ്സ്.സി ചെയ്തതിന് ശേഷം 1940 ൽ മുസ്‌ലിം യൂണിവേഴ്സിറ്റി അലിഗഡിൽ നിന്ന് എം.എസ്സ്.സി കെമിസ്ട്രിയി ലും ബിരുദമെടുത്തു. എം.എസ്സ്.സി പാസ്സായ ഉടൻ തന്നെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ സവിധത്തിൽ ഹാജറായി. അപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) അദ്ദേഹത്തെ തഅ്ലീമുൽ ഇസ്‌ലാം കോളേജ് ഖാദിയാനിൽ കെമിസ്ട്രി ലക്ചററായി നിയമിച്ചു. കോളേജിലെ ആരംഭ ലക്ചററിൽ ഉൾപ്പെട്ടിരുന്നു എന്ന ബഹുമതിയും അദ്ദേഹത്തിനുണ്ട്. ഹിജ്റത്തിന് ശേഷം ആദ്യം ലാഹോറിലെ പി.ടി.ഐ. കോളേജിൽ അദ്ധ്യാപനം നിർവ്വഹിച്ചു വന്നു. 1956 ൽ അദ്ദേഹം ഇവിടെ ലണ്ടനിൽ വന്നു. 1958ൽ യൂണിവേഴ്സിറ്റി ഓഫ് ലണ്ടനിൽ നിന്ന് ഓർഗാനിക് കെമിസ്ട്രിയിൽ പി.എച്ച്.ഡി. കരസ്ഥമാക്കി. റബ്വയിലേക്ക് മടങ്ങിയതിന് ശേഷം ടി.ഐ. കോളേജ് റബ്വയിൽ 1963 വരെ കെമിസ്ട്രി പഠിപ്പിച്ചുകൊണ്ടിരുന്നു. 1963 ൽ വീണ്ടും അദ്ദേഹം ലണ്ടനിൽ എത്തി. 1964 ൽ ലണ്ടൻ യൂണിവേഴ്സിറ്റിയിൽ നിന്ന് പോസ്റ്റ് അപ്ഗ്രേഡ് ചെയ്തു. ഓൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കെമിക്കൽ സൊസൈറ്റിയുടെ ഫെല്ലോ ആയി. 1964 മുതൽ 78 വരെ തഅ്ലീമുൽ ഇസ്‌ലാം ഹൈസ്കൂളിൽ പ്രൊഫസർ, ഹെഡ് ഓഫ് കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് എന്നിവയായി സേവനമനുഷ്ഠിച്ചു. 1972 ൽ കോളേജും വിദ്യാഭ്യാസ സ്ഥാപന

ങ്ങളും സർക്കാർ ബലാൽക്കാരമായി പിടിച്ചെടുത്തപ്പോൾ അദ്ദേഹത്തെ ഗവർമെന്റ് കോളേജ് റാവൽപിണ്ഡിയിലേക്ക് സ്ഥലം മാറ്റി. പിന്നീട് മറ്റു കോളേജിൽ പ്രിൻസിപ്പലായി. ഏതായാലും 1986 ൽ അദ്ദേഹം വിരമിച്ചു. അതിനു ശേഷം അദ്ദേഹം റബ്വയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അവ സ്ഥ കണ്ട് സ്വന്തം സ്കൂൾ തുടങ്ങി. നഴ്സറിയും ഹൈസ് കൂളും ഉണ്ട്. ജമാഅത്തിന്റെ മറ്റ് സ്കൂളുകൾ തുടങ്ങുന്നതു വരെ അദ്ദേഹത്തിന്റെ സ്കൂൾ നല്ല പ്രവർത്തനം കാഴ്ച വെച്ചിരുന്നു. കുട്ടികളെ നിയന്ത്രിച്ചിരുന്നു. ഡോക്ടർ സാഹി ബ് വളരെയധികം അനുകമ്പയും ലളിത പ്രകൃതവുമുള്ള ആളായിരുന്നു. ദരിദ്രരെ, സാധുക്കളെ സഹായിക്കുമായിരു ന്നു. വിദ്യ അഭ്യസിക്കാൻ കഴിവില്ലാത്തവർക്ക് അതിന് നന്നാ യി സഹായിച്ചിരുന്നു. എല്ലാവരോടും നല്ല സ്നേഹബന്ധ മായിരുന്നു. അഭിപ്രായങ്ങൾ ആത്മാർത്ഥതയുള്ളതുമായിരു ന്നു. സ്ത്രീകൾക്കായി റബ്വയിലുള്ള ജാമിഅ നുസ്റത്ത് കോളേജിന്റെ സയൻസ് ബ്ലോക്ക് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസിന്റെ സമയത്ത് ശാഹ് സാഹിബായിരുന്നു നിർമ്മാണം നടത്തിയത്. ലാഹോറിലെ സെക്രട്ടറി ഇർശാ ദായിരുന്നു. 56 മുതൽ 58 വരെ ലണ്ടനിലെ ഖുദ്ദാമുൽ അഹ്മദി യ്യാ ഖാഇദുമായിരുന്നു. ആ അവസരത്തിൽ ലണ്ടൻ ജമാഅ ത്തിന്റെ സെക്രട്ടറി മാലുമായിരുന്നു. ഖിലാഫത്തുമായി അദ്ദേ ഹത്തിന് അഗാധമായ ബന്ധമായിരുന്നു. അദ്ദേഹത്തിന് രണ്ട് പുത്രന്മാരും രണ്ട് പുത്രികളുമാണുള്ളത്. അദ്ദേഹത്തിന്റെ അദ്ധ്യാപന ശൈലി വളരെ ലളിതമായിരുന്നു. ഞാനും കുറച്ച് ദിവസം അദ്ദേഹത്തിൽ നിന്ന് പഠിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ സുഹൃത്തുക്കളാക്കിക്കൊണ്ടായിരുന്നു പഠിപ്പിച്ചിരുന്നത്. വലിയ എളിമയുള്ള വ്യക്തിയായിരുന്നു. മുജീബ് അശ്റഫ് എനിക്കെഴുതുന്നു, ഒരിക്കൽ ഞാൻ പാകിസ്ഥാനിൽ ലങ്കർ ഖാനയിൽ ഡ്യൂട്ടിയിലായിരുന്നു. അദ്ദേഹത്തിന് ചില അതി ഥികൾ ഉണ്ടായിരുന്നു. അവർക്ക് റൊട്ടി വാങ്ങുന്നതിനായി അദ്ദേഹം ലങ്കർഖാനയിൽ വന്നു. ചൂടുള്ള റൊട്ടിയായിരുന്ന തിനാൽ അത് പൊതിയുന്നതിനായി തുണി ചോദിച്ചു. അപ്പോൾ തുണി കൊണ്ടുവന്നിട്ടില്ല എന്ന് മറുപടി പറഞ്ഞു. സൽവാർ കമ്മീസായിരുന്നു ധരിച്ചിരുന്നത്. കമ്മീസിന്റെ കര റൊട്ടി ഇടുന്നതിനായി നീട്ടി. അതിൽ റൊട്ടി വാങ്ങി മടങ്ങി. ഇങ്ങനെ റൊട്ടിയുമായി പോകുകയാണ് എന്നുള്ള ഒരു ജാള്യ തയും ഇല്ലായിരുന്നു. മസീഹ് മൗഊദ് (അ) ന്റെ അതിഥിക്ക് നൽകാനായിരുന്നു. അങ്ങിനെയുള്ള എളിമ അദ്ദേഹത്തിനു ണ്ടായിരുന്നു. അല്ലാഹു പദവികൾ ഉയർത്തുമാറാകട്ടെ. അതു പോലെ ശഹീദിന്റെയും പദവി ഉയർത്തട്ടെ. അദ്ദേഹത്തിന്റെ കുട്ടികൾക്ക് സഹനവും ധൈര്യവും നൽകട്ടെ.

**PRINTED BOOKS**

To

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 March 08 at : Baitul Futuh London
Translation: T.M.Abdul Mujeeb, Kakkanad - 09946794987

Typing: Nasarudheen A T & Tahir Ahmed
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**